# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1769

## 04-05-2017 ൽ മറുപടിക്ക്

**കെ .എസ്. എഫ്.ഇ വഴിയുള്ള കിഫ്ബിയിലെ നിക്ഷേപ സമാഹരണം**

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിലെ നിക്ഷേപ സമാഹരണത്തിനായി കെ. എസ്. എഫ്. ഇ. വഴി എന്തെല്ലാം സംരംഭങ്ങൾ തീരുമാനിച്ചിട്ടുണ്ട്; ഇതിൽ നാളിതുവരെ ഏതെങ്കിലും സംരംഭം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അത് വഴി എന്തെങ്കിലും തുക കിഫ്ബിയിലേക്ക് സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | 2017-18 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇ യുമായി ചേർന്ന് എൻ.ആർ.ഐ. ചിട്ടി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. ഈ സംരംഭം യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. രണ്ടു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികൾ ആരംഭിക്കാനാണ് നിലവിൽ ഉദ്ദേശിക്കുന്നത്. ആദ്യ വർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) കിഫ്ബിയിലെ നിക്ഷേപ സമാഹരണത്തിനു മാത്രമായി കെ. എസ്. എഫ്. ഇ. ചിട്ടി ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഏത് തലത്തിലാണ് തീരുമാനം കൈക്കൊള്ളേണ്ടത്; എത്ര കോടി രൂപയാണ് ചിട്ടി വഴി കിഫ്ബിയിലേക്ക് സ്വരൂപിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നത്; | |
| (സി) ചിട്ടിയിൽ നിക്ഷേപിക്കുന്ന തുക മറ്റെന്തെങ്കിലും ആവശ്യത്തിന് ചെലവഴിക്കുന്നതിനു നിലവിലെ ചിട്ടി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | നിലവിലെ കേന്ദ്ര ചിറ്റ് ഫണ്ട് ആക്ട് സെക്ഷൻ 14 (1) (സി), ഇൻഡ്യൻ ട്രസ്റ്റ് ആക്ട് സെക്ഷൻ 20 (എ) എന്നിവ പ്രകാരം ചിട്ടി വഴി സമാഹരിക്കുന്ന തുകകൾ സംസ്ഥാന സർക്കാർ നിരുപാധികം ഗ്യാരൻഡി ചെയ്യുന്ന ട്രസ്റ്റി സെക്യൂരിറ്റികളിൽ നിക്ഷേപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ